ഉത്തരം

(എ), (ബി) നെയ്യാറിൻകരയിൽ അനുവദിച്ച ഇലക്ട്രിക്കൽ ഡിവിഷനോഫീസിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരികയാണ്.

(സി) 56,483

(ഡി) 1986 മേയ് 31 വരെയുള്ള കണക്കനുസരിച്ച് നെയ്യാറിൻകര ഡിവിഷന്റെ പരിധിയിൽ പെൻറിംഗ് അപേക്ഷകരുടെ എണ്ണം 2800.

നെയ്യാറിൻകര ഒരു ഇലക്ട്രിസിറ്റി ഡിവിഷൻ

187 [203] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) നെയ്യാറിൻകര കേന്ദ്രീകരിച്ച് ഒരു ഇലക്ട്രിസിറ്റി ഡിവിഷൻ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഡിവിഷൻ എന്നത്തേക്ക് തുടങ്ങുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നെയ്യാറിൻകരയിൽ പുതുതായി ഒരു ഇലക്ട്രിക്കൽ ഡിവിഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) ആഫീസ് ഉടൻതന്നെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരികയാണ്.

നെയ്യാറിൻകരയിൽ ഇലക്ട്രിക്കൽ സബ്ഡിവിഷൻ ഓഫീസ്

188 [204] ശ്രീ. എൻ. ശക്തൻ നാടാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) നെയ്യാറിൻകരയിൽ പുതിയ ഇലക്ട്രിക്കൽ സബ്ഡിവിഷൻ ഓഫീസ് അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സബ്ഡിവിഷൻ ഓഫീസ് അനുവദിച്ചിട്ടില്ല.

(ബി) 'എ' യ്ക്കു നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

അണ്ടൂർക്കോണം ഇലക്ട്രിക്കൽ സ്റ്റേഷന്റെ പണി

189 [205] ശ്രീ. എം. എം. ഹസ്സൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) അണ്ടൂർക്കോണത്തു സ്ഥാപിക്കാനുദ്ദേശിക്കുന്ന 220 കെ. വി. ഇലക്ട്രിക്കൽ സ്റ്റേഷന്റെ സ്ഥലമെടുപ്പ് പൂർത്തിയായോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ പണി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൂർത്തിയായിട്ടുണ്ട്.

(ബി) സബ്സ്റ്റേഷൻ പണിയുടെ പ്രാരംഭ നടപടികളും ആരംഭിച്ചുകഴിഞ്ഞു.

കോഴിക്കോട് ജില്ലയിലെ വോൾട്ടേജ് കമ്മി

190 [206] ശ്രീ. എ. കെ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വോൾട്ടേജ് കമ്മി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളെടുക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പേരാമ്പ്രയിലും പരിസരപ്രദേശങ്ങളിലുമുള്ള വോൾട്ടേജ് കമ്മി പരിഹരിക്കുന്നതിനുതകുന്ന കൂരാച്ചുണ്ട്-കോളോത്തുവയൽ ലൈനിന്റെ പ്രവൃത്തി ആരംഭിക്കുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) കുറ്റ്യാടിയിൽ നിന്നും നേരിട്ട് കണ്ണൂരിലേക്കുള്ള 110 കെ. വി. ലൈൻ 1986 ഏപ്രിൽ 25-ാം തീയതി ചാർജ് ചെയ്തതോടെ കോഴിക്കോട് സബ്സ്റ്റേഷനിലെ ലോഡ് കുറഞ്ഞിട്ടുണ്ട്. തൻമൂലം കോഴിക്കോട് ജില്ലയിലെ വോൾട്ടേജ് മെച്ചപ്പെട്ടിട്ടുണ്ട്. ലോകബാങ്കിന്റെ സഹായത്തോടെ തൃശ്ശൂരിൽ ഒരു 400 കെ.വി.യും കണ്ണൂർ, കാസർകോഡ് ജില്ലകളിൽ ഓരോ 220 കെ. വി.യും സബ്സ്റ്റേഷനുകളും സ്ഥാപിച്ചും അതിനോടനുബന്ധിച്ചു ലൈനുകളും വലിച്ചും, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ സബ്സ്റ്റേഷനുകളിൽ സ്റ്റാറ്റിക് വാർ കോമ്പൻസേറർ എന്ന ആധുനിക ഉപകരണം സ്ഥാപിച്ചും വോൾട്ടേജ് മെച്ചപ്പെടുത്താനും പരിപാടിയുണ്ട്.

(ബി) പേരാമ്പ്രയിലും പരിസരപ്രദേശങ്ങളിലും വോൾട്ടേജ് മെച്ചപ്പെടുത്താൻ കൂരാച്ചുണ്ട്—കോളോത്തുവയൽ ലൈൻ വലിക്കാൻ വിഭാവനം ചെയ്തിട്ടില്ല. എന്നാൽ കുറ്റ്യാടിയിൽ നിന്നും പേരാമ്പ്രയിലേക്ക് ഒരു 11 കെ. വി. ലൈൻ വലിച്ച് പേരാമ്പ്രയിലേയും പരിസരപ്രദേശത്തേയും വോൾട്ടേജ് മെച്ചപ്പെടുത്താൻ പരിപാടിയിട്ടിട്ടുണ്ട്.

വിളവൂർക്കൽ പഞ്ചായത്തിലെ വോൾട്ടേജ് കമ്മി

191 [207] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്തിലെ വോൾട്ടേജ് കമ്മി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly